# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1229 03.12.2015-ൽ മറുപടി നൽകേണ്ടത്

## പട്ടയ വിതരണം

| ചോദ്യം<br>ശ്രീ.റ്റി.യു. കുരുവിള | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് പട്ടയം നൽകി എന്ന് വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,48,119 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ശേഷിക്കുന്ന പട്ടയങ്ങൾ അടിയന്തരമായി നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | പട്ടയം നൽകാൻ ശേഷിക്കുന്ന അപേക്ഷകളിന്മേൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അനുവദിച്ച് നൽകുന്ന പട്ടയങ്ങളിൽ അപാകതകൾ കടന്ന് വരുന്നത് ഒഴിവാക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് ഉൾപ്പെടെ കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ? | പ്രസ്തുത വിഷയത്തിൽ വനംവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ